No. CEE/1100/PGM-2021/TA1

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

## പത്രക്കുറിപ്പ്

## ബിരുദാനന്തര ബിരുദ മെഡിക്കൽ കോഴ്സിലേയ്ക്കുള്ള പ്രവേശനം 2021-22
## ഓൺലൈൻ അപേക്ഷയും ഓപ്ഷൻ രജിസ്ട്രേഷനുമുള്ള അവസരം

കേരളത്തിലെ വിവിധ സർക്കാർ മെഡിക്കൽ കോളേജുകളിലും, തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിലും (ആർ.സി.സി), സ്വകാര്യസ്വാശ്രയ മെഡിക്കൽ കോളേജുകളിലും ലഭ്യമായ എല്ലാ സീറ്റുകളിലേയ്ക്കും 2021–22 വർഷത്തെ വിവിധ ബിരുദാനന്തര ബിരുദ മെഡിക്കൽ ഡിഗ്രി കോഴ്സുകളിലേയ്ക്ക് പ്രവേശനത്തിനായുള്ള അപേക്ഷകൾ ക്ഷണിച്ചു. ഓൺലൈൻ അപേക്ഷ **15.01.2022** മുതൽ **22.01.2022** വൈകുന്നേരം 5 മണി വരെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിലൂടെ സമർപ്പിക്കാവുന്നതാണ്. ബിരുദാനന്തര ബിരുദ മെഡിക്കൽ ഡിഗ്രി കോഴ്സുകളിലേയ്ക്ക് പ്രവേശനത്തിനുള്ള ആദ്യഘട്ട അലോട്ട്മെന്റിനായുള്ള ഓപ്ഷൻ രജിസ്ട്രേഷൻ നടപടികൾ **19.01.2022** മുതൽ ആരംഭിക്കുന്നതാണ്. ബിരുദാനന്തര ബിരുദ മെഡിക്കൽ ഡിഗ്രി കോഴ്സുകളിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ 19.01.2022 മുതൽ പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റായ www.cee.kerala.gov.in ലെ **'PG Medical -2021'** എന്ന ഹോം പേജിൽ ലഭ്യമാകുന്ന **'Option Registration'** എന്ന ലിങ്ക് ഉപയോഗിച്ച് പ്രവേശനം ആഗ്രഹിക്കുന്ന കോളേജുകളിലെ പി.ജി. മെഡിക്കൽ സീറ്റുകളിലേക്ക് നിർബന്ധമായും ഓപ്ഷൻ സമർപ്പിക്കേണ്ടതാണ്. **19.01.2022 മുതൽ 22.01.2022, 5.00** മണി വരെ ലഭിക്കുന്ന ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ **27.01.2022** ന് ആദ്യഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിക്കുന്നതാണ്. ഇതു സംബന്ധിച്ച വിശദമായ വിജ്ഞാപനം പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്. പ്രവേശനം സംബന്ധിച്ച വിശദമായ വിജ്ഞാപനം, പ്രോസ്പെക്ടസ് എന്നിവയ്ക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റ് സന്ദർശിക്കുക.

**ഹെൽപ്പ് ലൈൻ നമ്പർ: 0471- 2525300**

തിരുവനന്തപുരം
15.01.2022

**പ്രവേശന പരീക്ഷാ കമ്മീഷണർക്കു വേണ്ടി**

Scanned by CamScanner